# താരകങ്ങൾ

ഡിജിറ്റൽ മാഗസിൻ



ഇ കെ നായനാർ സ്മാരക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ

വേങ്ങാട്, കണ്ണൂർ



little KITEs 2018 – 2019

# സന്ദേശം



കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മാറ്റത്തിന്റെ പാതയിലാണ്. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയവും ഹൈടെക് നിലവാരത്തിലേക്കുയരുകയാണ്.നമ്മുടെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ടായി കഴിഞ്ഞു.

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അവരുടെ ഈ വർഷത്തെ ഒരു പ്രധാന പ്രവർത്തനം എന്ന നിലയിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്. വിവരവിനിമയ സാങ്കേതിക വിദ്യ സമർത്ഥമായി ഉപയോഗിക്കാൻ കഴിയുന്ന ഒരു പുതു തലമുറയെ വാർത്തെടുക്കാനുള്ള ഈ സദുദ്യമത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**കെ.കെ ഹേമലത**
**ഹെഡ്മിസ്ട്രസ്**

# സന്ദേശം



കേരളസർക്കാർ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം, നമ്മുടെ വിദ്യാലയങ്ങളുടെ മുഖഃഛായ തന്നെ മാറ്റിയെഴുതിക്കഴിഞ്ഞു.

വിവരവിനിമയ സാങ്കേതികവിദ്യയുടെ സ്വാധീനം എല്ലാ മേഖലകളിലും വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് കമ്പ്യൂട്ടർ സാക്ഷരതയിൽ കവിഞ്ഞ് കൂടുതൽ അറിവും പ്രാഗൽഭ്യവും നമ്മുടെ കുട്ടികൾക്ക് ഈ മേഖലയിൽ ഉണ്ടാകേണ്ടതുണ്ട്.ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**കെ കെ സുരേന്ദ്രൻ**
**പ്രിൻസിപ്പാൾ**

# സന്ദേശം



സാക്ഷരതയിലും മതനിരപേക്ഷതയിലും എന്നും ഒന്നാം സ്ഥാനത്താണ് നമ്മുടെ നാട്. ഇതിന് ഗണ്യമായ പങ്കുവഹിച്ചത് നമ്മുടെ നാട്ടിലെ പൊതുവിദ്യാലയങ്ങളാണ്.

പൊതു ഇടങ്ങളുടെ പ്രസക്തി ഏറി വരുന്ന ഇന്നത്തെ സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിൽ സംഘടിക്കപ്പെടുന്ന എല്ലാ കൂട്ടായ്മകൾക്കും ഏറെ പ്രാധ്യാനമുണ്ട്. ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതായി അറിയുന്നു.ഇതിന് എല്ലാവിധ ആശംസകളും പിന്തുണയും അറിയിക്കുന്നു.

**കെ.സി സുരേന്ദ്രൻ**
**പി.ടി.എ പ്രസിഡന്റ്**

യാത്രാവിവരണം

# കൊഹിമയിലെ ഓർമ്മക്കുറിപ്പ്





മനോജ് മാസ്റ്റർ

അവിശ്വസനീയമായ ഇന്ത്യയുടെ ഒരു മുഖമാണ് നാഗാലാൻറിൻറെ തലസ്ഥാനമായ കൊഹിമ. ആരെയുംഅമ്പരിപ്പിക്കുന്ന ഭൂപ്രകൃതിയും കാലാവസ്ഥയും ജനങ്ങളും അവരുടെ ജീവിതരീതികളുമാണ് ഇവിടെ ഉള്ളത്.സമുദ്രനിരപ്പിൽ നിന്ന് വളരെ ഉയരമുള്ള മലനിരകൾ മാത്രമുള്ള ഈ പ്രദേശത്ത് വർഷം മുഴുവൻ ശൈത്യ കാലാവസ്ഥയാണ്.

ആസ്സാമിൽ നിന്ന് ഏകദേശം 12 മണിക്കൂർ യാത്ര ചെയ്താൽ നാഗാലാൻറിലെ സാമാന്യം വലിപ്പമുള്ള ദിമാപൂര് എന്ന പട്ടണത്തിലെത്തും. അവിടെ നിന്ന് കൊഹിമയിലേക്ക് പോകാൻ ദിമാപൂരിലെ ഓഫീസിൽ നിന്ന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) ലഭിക്കണം.സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ എന്തിനാണ് അവിടെ പോകുന്നത്?

എത്രദിവസം അവിടെ ഉണ്ടാകും ?ആരെ കാണാനാണ് ? ഇത്തരത്തിലുള്ള കാര്യങ്ങൾ അപേക്ഷയിൽ വ്യക്തമാക്കണം.

വളരെയേറെ ബുദ്ധിമുട്ടി സർട്ടിഫിക്കറ്റ് സമ്പാദിച്ചു.ഇത് ഉണ്ടെങ്കിൽ മാത്രമെ പോലീസുകാർ കൊഹിമയിലേക്ക് കടത്തിവിടുകയുള്ളൂ(ലക്ഷദ്വീപിലേക്ക് യാത്രപോകുമ്പോഴും ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് വേണം).തുടർന്നുള്ള യാത്ര അതിമനോഹരവും അതിഭീകരവുമായിരുന്നു.അപകടം ഏത് സമയത്തും പതിയിരിക്കുന്ന ചുരങ്ങളിലൂടെയായിരുന്നു പിന്നീടുള്ള മുഴുവൻ സമയ യാത്രയും. അന്ന് വൈകുന്നേരത്തോടെ ഞങ്ങൾ അവിടെ എത്തിച്ചേർന്നു. നാഗാമീസ് എന്ന പ്രദേശിക ഭാഷ ഉണ്ടെങ്കിലും അതിന് ലിപി ഇല്ലായിരുന്നു.അതുകൊണ്ട് അവർ എഴുതുന്നത്ഇംഗ്ലീഷിലായിരുന്നു. ഇംഗ്ലീഷാണ് അവിടത്തെ ഔദ്യോഗിക ഭാഷ. കൊഹിമയിലെത്തിയതിന് ശേഷം ഞങ്ങളുടെ സുഹൃത്തിനെ കാണാൻ അന്വേഷിച്ചപ്പോൾ യാതൊരു മടിയുമില്ലാതെ ഒരു കൊഹിമക്കാരൻ ഞങ്ങളെ സുഹൃത്തിന്റെ അടുത്തെത്തിച്ചു തന്നു.മിക്കവാറും ആളുകളുടേയും ധാരണങ്ങൾക്ക് വ്യത്യസ്തമായ സംസ്കാരമുള്ളവരായിരുന്നു കൊഹിമ നിവാസികൾ പാശ്ചാത്യ രീതിയിലുള്ള വസ്ത്ര ധാരണവും പാശ്ചാത്യ സംഗീതത്തോട് വളരെയേറെ ഇഷ്ടമുള്ളവരായിരുന്നു അവർ.അവരുടെ ഭക്ഷണമാണ് ഏറ്റവും വിചിത്രമായി തോന്നിയത്. പാറ്റകൾ, പുഴക്കൾ,പാമ്പുകൾ,നായഇറച്ചി ഇവയെല്ലാം അവരുടെ ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണമാണ് .ഒരുദിവസം നമ്മുടെ സുഹൃത്തിന്റെ കൂട്ടുകാരന്റെ(കൊഹിമക്കാരൻ) വീട്ടീൽ ക്ഷണിച്ചപ്പോൾ വിഭവങ്ങൾ ഒരുക്കിയതിൽ ഇറച്ചിക്കറിയും ഉണ്ടായിരുന്നു. ഞങ്ങളോട് ചപ്പാത്തിയും ഇറച്ചിക്കറിയും തിന്നാൻ പറഞ്ഞപ്പോൾ ഞങ്ങൾ ഇറച്ചികഴിക്കാറില്ലെന്ന് കളവ് പറഞ്ഞ് (നായ ഇറച്ചിയായിരിക്കുമോ എന്ന് ഭയന്ന്) പച്ചക്കറി കൂട്ടികഴിച്ചു.

സുരക്ഷിതത്വം വളരെ കുറഞ്ഞ സ്ഥലമാണ് കൊഹിമ. ഞങ്ങൾ അവിടെ എത്തുന്ന ദിവസമായിരുന്നു നാഗാലാന്റിന്റെ ഗവർണ്ണറെ നാഗാഭീകരന്മാർ വെടിവെച്ചുകൊന്നത് .അവിടെ സ്കൂളുകളും കോളേജുകളും ഉണ്ടെങ്കിലും പഠനസൗകര്യങ്ങൾ വളരെ പിന്നോക്കമാണ് .അവിടെ ഉണ്ടായിരുന്ന ചുരുങ്ങിയ ദിവസത്തിനുള്ളിൽ നമ്മുടെ അയൽരാജ്യമായ മ്യാൻമറിന്റെ അതിർത്തി ഗ്രാമങ്ങൾ കാണാനുള്ള ഭാഗ്യം ഉണ്ടായിരുന്നു. അതീവശോചനീയമായിരുന്നു അവിടത്തെ ഗ്രാമജനങ്ങളുടെ അവസ്ഥ.

കൊഹിമയിൽ കൂടുതൽ ജനങ്ങളും ക്രിസ്ത്യാനികളായതുകൊണ്ട്

അവിടെ അതിസാഹസികമായി നിർമ്മിച്ച അതിമനോഹരമായ ക്രസ്ത്യൻ പള്ളികളും കാണാമായിരുന്നു.ലോകത്തിൻെറ ഏതു കോണിലും ഒരു മലയാളിയുണ്ടാകും എന്നതിന് തെളിവായി കൊഹിമാപട്ടണത്തിൽ മലയാളിയുടെ ഒരു ബേക്കറിക്കടയും, ഉണക്കമീൻകടയും കണ്ടിരുന്നു.

നാട്ടിലേക്ക് തിരിച്ച് പുറപ്പെടാനുള്ള ദിവസം രാവിലെ സുഹൃത്തിൻെറ നിർദ്ദേശപ്രകാരം രണ്ടാംലോകമഹായുദ്ധകാലത്ത് സഖ്യശക്തികളുടെ കൂട്ടത്തിലായിരുന്ന ഇന്തോ-ബ്രിട്ടീഷ് സൈന്യവും,അച്ചുതണ്ട് ശക്തികളുടെ കൂട്ടത്തിലായിരുന്ന ജപ്പാൻ സൈന്യവും തമ്മിൽ ഏറ്റുമുട്ടിയ 'വാർ മെമ്മോറിയൽ' കാണാൻ പോയിരുന്നു. യുദ്ധം നടന്ന പ്രവേശന കവാടത്തിൽ വലിയൊരു ബോർഡിൽ യുദ്ധത്തിൽ വീരമൃത്യുവരിച്ച ജവാൻമാർ നമ്മളെ പോലുള്ള സന്ദർശകരോട് പറയുന്നതുപോലെ എഴുതിവച്ചത് ഇപ്രകാരമാണ് "സന്ദർശകരായ നിങ്ങൾ ഇവിടെ വന്ന് ഞങ്ങളുടെ ശവകുടീരങ്ങൾ കാണുമ്പോൾ ഞങ്ങളിവിടെ ഉണ്ട് എന്ന കാര്യം നിങ്ങൾ നിങ്ങളുടെ കൂട്ടുകാരോടും പറയണം" എന്ന ഹൃദയസ്പർശിയായ വാക്കുകൾ ഏവരേയും വേദനിപ്പിക്കുന്നതാണ്.അവിടെ ആയിരക്കണക്കിന് ഇന്ത്യൻ പട്ടാളക്കാരുടെയും ,ബ്രിട്ടിഷ് പട്ടാളക്കാരുടെയും ശവകുടീരങ്ങളും, ബ്രിട്ടീഷുകാർ നിർമ്മിച്ച പൂന്തോട്ടങ്ങളും, ക്ലബ്ബുകളും, ടെന്നീസ് കോർട്ടും, പീരങ്കികളും മറ്റ് യുദ്ധസാമഗ്രികളും ഇവിടത്തെ പ്രധാന കാഴ്ച്ചകളാണ്. പ്രസ്തുത ചരിത്ര സ്മാരകങ്ങളുടെ നിലനിപ്പിൻെറ മുഴുവൻ ചിലവുകളും ഇപ്പോഴും ബ്രിട്ടീഷ് ഗവൺമെന്റ് തന്നെയാണ് വഹിക്കുന്നതെന്ന വിവരവും അറിയാൻ കഴിഞ്ഞിരുന്നു.

അന്ന് ഉച്ചയോടെ നാട്ടിലേക്കുള്ള അഞ്ച് ദിവസം നീളമുള്ള മടക്കയാത്ര തുടങ്ങിയപ്പോൾ ഒരിക്കൽകൂടി കൊഹിമ കാണണമെന്നുള്ള ആഗ്രഹം മനസ്സിൽ വെച്ചുകൊണ്ടുള്ള യാത്ര തുടർന്നു ............

കവിത



# കനലെരിയുന്ന കനവുകൾ



**വിജയൻ മാസ്റ്റർ**

കാരിരുമ്പിന്റെ കരുത്തുവെല്ലുന്ന
കാട്ടാളനീതിക്കുള്ളിലാണ് നാം
വിശ്വാസമില്ലൊരു വിശ്വാസത്തിലും
കൊടും ചതിയാണ് ചൂടുനിശ്വാസത്തിലും
കപടലോകമീ ജീവിതം വ്യർത്ഥം
സ്വസ്ഥ ജീവിതമർത്ഥ മനർത്ഥം
പിറന്ന മണ്ണിൽ കാലുറപ്പിയ്ക്കുവാൻ
കിണഞ്ഞു കേഴുന്ന മാമരങ്ങളും
കാൽച്ചുവട്ടിലെ മണ്ണൊലിക്കുമ്പോൾ
പിടിച്ചുനിർത്താൻ ശ്രമിക്കുന്ന മർത്ത്യനും
തിരുക്കാഴ്ചകൾ തീരാ ദുഃഖത്തിന്റെ
കനലുനീറ്റുന്ന കരളിലും കനവിലും
ഇല്ല ഞാനിനീ കൊടിയപാപത്തിന്റെ
പങ്കുപറ്റുവാൻ പടിയിറങ്ങുന്ന ഞാൻ..........

ലേഖനം






**ആവണി എം 9D**

ഭൂമിയിലെ കാലാവസ്ഥ ചരിത്രത്തിലുടനീളം മാറ്റത്തിന് വിധേയമായിട്ടുണ്ട്. 7000 വർഷം മുൻപ് അവസാനഹിമയുഗം അവസാനിച്ചതിനു ശേഷമാണ് ആധുനിക കാലാവസ്ഥാകാലം തുടങ്ങിയത്.അതോടൊപ്പമായിരുന്നു മനുഷ്യസംസ്കൃതിയുടെ തുടക്കവും അന്നൊക്കെയുണ്ടായ കാലാവസ്ഥാ മാറ്റങ്ങളിലേറെയും ഭൂമിയുടെ ഭ്രമണത്തിലെ വ്യതിയാനത്തിന് അനുസരിച്ചായിരുന്നു. ഭ്രമണവ്യതിയാനത്താൽ എത്ര സൗരോർജം ഭൂമിയിലെത്തുന്നു എന്നതിനനുസരിച്ചായിരുന്നു .


എന്നാൽ ഇന്നത്തെ ആഗോളതാപനം അങ്ങനെയല്ല. 20ാം നൂറ്റാണ്ടിൻറെ പാതിമുതലുണ്ടായ മനുഷ്യപ്രവൃത്തികൾ മൂലമാണ് ഇപ്പോഴത്തെ തീവ്രകാലാവസ്ഥമാറ്റങ്ങളുണ്ടാകുന്നത്എന്നാണ് അമേരിക്കൻ ബഹിരാകാശ

ഏജൻസിയായ നാസ പറയുന്നത്.ഭൂമിയെ വലം വെക്കുന്ന കൃത്രിമോപഗ്രഹങ്ങളും സാങ്കേതികവിദ്യകളും കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങളും തീവ്രതയുമറിയാൻ സഹായിക്കുന്നു.എന്നിരുന്നാലും കാലാവസ്ഥാമാറ്റത്തിന്റെ ഭീഷണിയെ കുറിച്ച് ജനത്തിന്ബോധ്യമുണ്ട്.

ആഗോളതാപനവും തത്ഫലമായുണ്ടാവുന്ന കാലാവസ്ഥാമാറ്റമുണ്ടാക്കുന്ന സാമൂഹിക-സാമ്പത്തിക ആഘാതങ്ങൾ ഗുരുതരമാണ്. കാലാവസ്ഥയിലുണ്ടാക്കുന്ന മാറ്റം പുതിയ പല വൈറസുകളുടെയും ബാക്ടീരിയകളുടെയും പിറവിക്കും ജനിതകമാറ്റത്തിനും കാരണമായേക്കും.മാത്രമല്ല മലമ്പനി,മഞ്ഞപ്പിത്തം,ഡെങ്കി,അതിസാരം തുടങ്ങിയവയുടെ വ്യാപനത്തിനും ഇടയാക്കും.ആഗോളതാപനം ഇത്തോതിൽ പോയാൽ യുദ്ധവും അക്രമങ്ങളും കാരണം പലായനം ചെയ്യുന്ന ജനതയെക്കാളേറെയാവും കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ അതിജീവിക്കാനാവാതെ പലായനം ചെയ്യുന്നവരുടെ എണ്ണം.

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക, പരിസ്ഥിതിസൗഹൃദ ഊർജോത്പാദനമാർഗങ്ങൾ സ്വീകരിക്കുക,ഊർജക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുക തുടങ്ങിയവയാണ് ഹരിതഗൃഹവാതക പുറന്തള്ളൽ കുറയ്ക്കാൻ സ്വീകരിക്കാവുന്ന മാർഗങ്ങൾ.എന്നാൽ വികസ്വരരാജ്യങ്ങൾ ഈവഴിക്കെത്താൻ കാലമേറെയെടുക്കും.

പെൻസിൽ ചിത്രം





അഭിൻ കൃഷ്ണ കെ 8D

# THE BEAUTIFUL FISH

കഥ



anjana p k
9 D

There lived two gold fishes in the rich waters. One was dwelling in Ganges, and the other in Yamuna. During a high tide they both happened to meet in the confluence. The first gold fish said , "Hey, I am the most beautiful fish in the whole world". The second had a sneer and replied, "Look at who is speaking. Have you not looked at your image?

I am the most beautiful one". Their quarrel on who was the most beautiful fish could not be settled.

In the mean time a tortoise came that way. The to fishes went to the tortoise and asked him to judge who was the most beautiful among the two. The tortoise made a keen observation of them both and replied, 'I find both you equally attractive, because I have a strong appetite. I am so hungry, and I am going to eat you both ". Now, both had to flutter away to save their lives.

കവിത

# നീലാംബരം



**ഹർഷേന്ദു** IX D

ഒരു പുവിതളായ് ജനിചോരാ നിന്മുഖം
തഴുകിത്തലോടി ഉണർന്നെണീറ്റു
പുലരുവാനാകെ നീ കണ്ട സ്വപ്ന-
ത്തിലൊരു നിൻ തേൻ നുകർന്നുവെന്നൊ
പറയുവാനാകില്ലെനിക്കിന്നുമേതൊരു
മധുരസ്പന്ദനമെന്നമാത്രം..........................

ജന്മമാം സാഫല്യമെന്നതിൽ കൊതിയേ
കാത്തിരുന്ന ഞാൻ മിഴിചിമ്മിടാതെ
കാരുണ്യമയനായ തമ്പുരാൻ മേൽമുകൾ
കാണ്മതു സർവ്വവും കൈവിടാതെ...........

ലേഖനം

# DOES OUTDOOR PLAY HELP A CHILD'S DEVELOPMENT ?



**Rekha Jose**

Play in a natural activity,and promotes physical mental,social and emotional well being.

Playing outside is fantastic for helping children practice their physical abilities. Exercise such as running ,jumping,skipping and playing with ball games not only strength little muscles,but they can also help with gross motor skills,eye hand co-ordination and over all health and well being.

These are some important benefits of outdoor play to explore nature. Outdoor play enables children to enjoy nature. They get a chance to look

around and explore the nature. Fresh air-exposure to fresh air is an

important benefit. It helps to clean our lungs and build oxygen consumption.

Exercise:children should be active for an hour daily and it is in outdoor with a ball,encourages active play which in really the best exercise.

Sunshine:sun exposure in important to make vitamin D, which plays an important role in many body process.

Socialization:let the children learn how to share and cooperate,how to treat other people. it in very much possible when they are playing with their peer group.

Learning:play ground in one of the place where learning takes place. it helps in their problem solving. Decision making,critical thinking to face challenges and how to sympathetic to others.

Allowing them to playing outside in something really simple we can do to improve our child's chance of future health and success.

Friends,the nature in open for you with both arm out stretched ,make sure that you are the part of it!!!!


കവിത

# വീട്ടമ്മ

**സിൻസി സഹദേവൻ**

അന്നനാളത്തിൽ  ഗർത്തമടക്കാൻ
അതിരാവിലെ യന്ത്രമാകുന്നവൾ
ആത്മാർത്ഥതയ്ക്ക്
അവഗണനയുടെ അവാർഡ് നേടാറുണ്ടവൾ!
ശ്വാസനാളത്തിൽ നെടുവീർപ്പുകൾ തിങ്ങിഞെരുങ്ങി
തീൻമേശയിൽ വിഭവങ്ങൾക്കുമേൽ  ആവിപറത്താറുണ്ടവൾ!
അവളുടെ കരച്ചിലുകൾ
ചോറ്റുചെമ്പിൻ കഴുത്തിലൂടെ
പതച്ചുതുവാറുണ്ട് !
അവളുടെ കൈഞരമ്പുകൾ
പെൺമക്കളുടെ പ്രസവ ശുശ്രൂഷയിൽ
പണയം വെക്കാറുണ്ട് !
അമ്മ ശരീരമൊട്ടാകെ ലേലത്തിൽ വെച്ചപ്പോൾ
മെച്ചമുണ്ടന്നറിഞ്ഞുവന്നവർ
തുച്ഛമായ വിലക്ക് ലേലമുറപ്പിച്ച
അവളങ്ങനെ യൗവനം മറന്ന ചോരയൂറ്റിവിറ്റ
അവളെ കാലവും കണ്ണാടിയും മറന്ന
അമ്മയുടെ കൈപ്പുണ്യം നുകർന്നവർ
നെടുനീളെ നന്ദികേടു കാട്ടി  മത്സരിച്ച
ഇപ്പോളമ്മയെന്നാൽ, എച്ചിൽക്കുനയുംപാത്രങ്ങളും,
അടുപ്പിലെ ചാരവും !
വെയിലും മഴയും, പ്രാക്കും,
ദുരിതവും തോരാക്കണ്ണീരും അമ്മയെ മറന്നില്ല !

പെൻസിൽ ചിത്രം





ഹൃദ്യ എം 8A

കഥ

# മാലക്കള്ളൻ

(റിസ്വാന പി 8 A)


വലുതാവുമ്പോ എന്താവാനാണ് ആഗ്രഹം ?
കിളി
കിളിയോ...
ഹും ഡിലൈറ്റ് ബസ്സിലെ കിളി.
ഡിലൈറ്റ് ബസ്സിലെ ഓ..........ആ കിളി.
അതു ഫ്രണ്ടിലെ കിളിയല്ല ... ബേക്കിലെ കിളി
ചെക്കറു കിളി.........
അതെന്താ..........
അവനാ പവറു കൂടുതൽ. മുൻപിലെ നിൽക്കുന്ന കിളിക്ക് വലിയ റോളില്ല... ഫ്രണ്ട് ഡോറിൽ പെണ്ണുങ്ങള് കയറുകയും ഇറങ്ങുകയും ചെയ്യുമ്പോൾ ഡോർ തുറന്നു കൊടുക്കണം. ബസ്സ് ഓടുന്നതിനോടപ്പം ഓടി റോഡിന്റെ സൈഡിൽ പിടിച്ച് ചാടി കയറണം. ആകെയുള്ള റിസ്ക് പൂക്കളം ഡിസൈനുള്ള കള്ളി മുണ്ട് ഉരിഞ്ഞു പോകരുത്. അതവൻ ഷർട്ടിന്റെ തലകടിച്ച പിടിച്ച മുണ്ടുയർത്തി നല്ല ബെൽറ്റിട്ട് കെട്ടിയുണ്ടാവും.
എന്നാൽ ചെക്കൻ അങ്ങനെയല്ല. പാന്റ്സ് ഇടാൻ കഴിയും. പിന്നെ കയ്യില് പേപ്പറും പെന്നും കൊണ്ട് തിരക്കിനിടയിൽ നൂണ്ടിറങ്ങി നടക്കാം. ഇരുന്നുറങ്ങുന്നവരെ ഒക്കെ തോണ്ടി വിളിച്ച് എങ്ങോട്ടാ എന്ന് ചോദിക്കാം, അത് കുറച്ചെടുക്കാം. ടിക്കറ്റ് കൊടുക്കാത്ത കണ്ടക്ടരെക്കാളും പവർ കൂടുതൽ ചെക്കർ,ഓനിക്ക...!വഴിക്ക് ആള് കയറുമ്പോൾ മുന്നിലെ കിളി കൈയ്യിലെ വിരൽ

മടക്കിയും,കൈ വീശിയും ആംഗ്യം കാണിക്കുന്നതിനു അനുസരിച്ച് മാർക്കിട്ടു വയ്ക്കണം.ഒരു വിരലുയർത്തിയാൽ ഫുൾ ടിക്കറ്റ് ലാസ്റ്റ് പോയിൻറ് വരെ...ചെവീല് തോണ്ടിയാൽ വെങ്ങര,പെരുവിരൽ വീശിയാൽ കവന്നൂര്..അതാണ് കോഡിംഗ്.
എന്നിട്ട് നീയ്യ് കിളിയായോ...
ല്ല...പരന്തിയിൽ ട്രാൻസ് പോർട്ടിലെ ഡ്രൈവർ.ഭരതേട്ടൻ തടിച്ച മുഖത്തിന് മുകളിലായി കയറി കിടക്കുന്ന കഷണ്ടിയിലെ വിയർപ്പ് തുടച്ച ടവ്വൽ.ഷർട്ടിനും കഴുത്തിനും ഇടയിൽ തിരുകി.ഗിയർ ഡൗൺ ചെയ്ത് ഒരു വിടല് വിട്ട യാത്രയുണ്ടായിരുന്നു.കാരണ്ണൂരുന്ന് വിട്ട വണ്ടി പെപ്പര പെപ്പര നീട്ടി ഹോൺ അടിച്ചിട്ടും,മുന്നില് മുന്നില് സൈഡ് തരാണ്ട് ഓടിച്ച ടി.എ.കെ ബസ്സിനെ മെഡിക്കൽ കോളേജിന്റെ കേറ്റത്തിൽ ചങ്കാശുപത്രിന്റെ മുന്നിൽ വച്ച്,വലക്കം വെച്ച,റോഡ് ബ്ലോക്ക് ചെയ്ത് നിർത്തി..കൊന്ത്രൻ പല്ല വെളിയില് ടി.എ.കെ ബസ്സിലെ ഡ്രൈവരെ നോക്കി ഇളിച്ച പറഞ്ഞ ഒരു ഡയലോഗ്.....ന്നാ ഭരതേട്ടൻ പോട്ടേ മോനേ..!ഗിയർ ഡൗൺ ചെയ്ത്.ആ ലൈലാന്റെ ബസ് നിർത്തിയപ്പോൾ തെറിച്ച് ഗിയർ ബോക്സിന്റെ മുകളിൽ വന്നിരുന്നപ്പോൾ തോന്നിയ ഒരു ഹീറോ വേർഷിപ്പ്...അതില് പിടിച്ച് ഡ്രൈവർക്ക് അയാളോടുള്ള പൂതി കയറി.
എന്നിട്ട് നീ ഡ്രൈവറായോ...
ല്ല...
പിന്ന്യോ...
എനിക്ക് ഇങ്ങനെ ചിരിക്കാനല്ലേ കഴിയൂ സാറേ... അത് ശരിയാ...അന്റെ ചിരിയത്ര സുഖമില്ല ചങ്ങായി കള്ളചിരി.എന്നിട്ട് നീയയാളപ്പോലെ കള്ളനായോ.. അതിനു ഞാൻ കള്ളനല്ലല്ലോ..സാറേ.. അതിഞ്ഞിവിട്..അത് ഞാൻ തെളിയിക്കാം.
ഈയെപ്പൊഴാ ആദ്യം പിടിക്കപ്പെട്ടത്...പതിനഞ്ചാം വയസ്സിൽ,അല്ല...പതിനേഴാം വയസ്സിൽ..
എന്ത് മോഷണം
മോഷണം ഒന്നുമല്ല സാറേ...ചെറിയ ഒരു ഇസ്കൽ....ഞ്ഞി...എന്താ ഇസ്കിയത്.....നമ്മടെ നാട്ടില് വളവില് ഒരു ടെക്സ്റ്റൈൽ ഷോപ്പ് ഉണ്ട് സാറേ..ഞാനങ്ങിനെ അവിടെ ഒരുസം വനിതയൊക്കെ വായിച്ചിങ്ങനെ നിൽക്കാണ്.. ഉച്ചകഴിഞ്ഞു..ബോറടിച്ചു..മയങ്ങി തുടങ്ങിയ സമയം. ചെമ്പോത്ത് ഒരെണ്ണം കണ്ണും ചുവപ്പിച്ചു വെളിയില് വരുന്ന സമയം....

ഞ്ഞി ആ സാഹിത്യ ഭാഷ നിർത്ത്. മഹസർ എഴുതുന്ന
ഭാഷ ശരിയാവൂല...ഓരോന്നിനും ഓരോ ഭാഷകൾ ഉണ്ട്.എന്തോന്നാ ഈ വെയില്
ബോറടിച്ചുറങ്ങുക എന്ന് പറയുന്നേ..അതിപ്പോ.. സാറേ..തെങ്ങിന്റെ തലപ്പിലാണ്
വെയിൽ ആദ്യം വീഴുക.ഉച്ച കഴിയുമ്പോൾ.ഉറക്കം തൂങ്ങി വെയിൽ താഴേ....എല്ലം
കുട്ടത്തിലേക്ക് വീഴും..എന്നിട്ട് അവിടെ തീ പിടിക്കും.. ഇതൊക്കെ പെട്ടെന്ന്
മനസിലാക്കാൻ കയിയൂല...നോക്കിയിരിക്കണം.ഞാനതൊക്കെ
നോക്കിയിരിക്കുവാണ്.വനിതേം കയ്യില് വെച്ച്...അപ്പോ ടെക്സ്റ്റൈൽ ഷോപ്പിൻെറ
മുന്നിൽ കൂടി ഒരു ഓട്ടോ പോയി.കുറച്ചുദൂരം ചെന്നിട്ടാ ഓട്ടോ നിന്നു. ഞാൻ നിന്ന
നിൽപ്പിൽ കത്തുന്ന പുല്ലിലേക്ക് മുങ്ങി.അതെന്തിനാ.....
ഓട്ടോയിൽ നിന്നിറങ്ങി കടയിലേക്ക് വന്നത് ടൗണിലെ സൂപ്പർ മാർക്കറ്റിൽ
നിന്നുള്ള ആൾ ആയിരുന്നു. ഇവിടെ നിന്ന വെളുത്ത മെലിഞ്ഞ ചെക്കൻ എവിടെ?
എന്നവർ ചോദിക്കുന്നത് എനിക്ക് കേൾക്കാം.ഞാനിട്ട പുതിയ
ഷൂസും,ഷർട്ടും,പാൻറ്സും ഊരി പുല്ലിനിടയിൽ ഇട്ടു. വെളുത്തഷൂ ആയിരുന്നു.
പൂക്കൾ ഡിസൈനുള്ള ഷർട്ടും,നീല ജീൻസും. നീ ആടുന്ന ഇസ്തിയതാണോ ......
എനിക്ക് ചിരിക്കാനല്ലേ പറ്റൂ.
പിന്നെ പുഴയിൽ ഇറങ്ങി.. മണല് കയറി... ഓട്ടമായിരുന്നു.
അങ്ങിനെ ഓടിയോടി നീ ഒരു കള്ളൻ ആയില്ലേ ...
പഴയ ഹിന്ദി സിനിമേലൊക്കെ കാണുന്ന പോലെ
അമിതാബ് ബച്ചൻ ബോംബേല് എത്തുമ്പോൾ കള്ളനായി മാറുന്നത് പോലെ...
ഈ സാറിൻെറ ഒരു കാര്യം... എനിക്ക് ചിരിക്കാനല്ലേ ആവൂ സാറേ....

ആസ്വാദനക്കുറിപ്പ്

# മഞ്ഞിലെ പക്ഷി







**ലുബൈബ 9 D**

പ്രശസ്ത കവയിത്രി മാനസിയുടെ മഞ്ഞിലെ പക്ഷി എന്ന കഥയാണ് ഞാൻ നിങ്ങൾക്കു മുൻപിൽ പരിചയപ്പെടുത്തുന്നത്.

ഒരു ആഗ്രഹം പോലെയാണ് ജീവിതം മുന്നിൽ വന്ന് നിൽക്കുന്നത്.എടുത്തുപയോഗിക്കാൻ അർഹതയില്ലാത്ത ഒരായുധം പോലെ അത് തന്റേതാണെന്ന് ആരെയും ബോധ്യപ്പെടുത്താനാവാത്തതിന്റെ നിസ്സഹായതയാണ് അവളെ വീണ്ടും വീണ്ടുംനിരായുധരാക്കുന്നത്.വീണുകിട്ടിയ റോളുകളിൽ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചതുപോലെ തിമർത്താടുമ്പോൾ ഓരു നീക്കുപോക്കിനെക്കുറിച്ച് അവൾ ബോധവതിയാകുന്നു ,വ്യകുലപ്പെടുന്നു .ചില ഇടം മാറ്റങ്ങൾ തനിക്കനിവാര്യമാണെന്ന തോന്നലിൽ അവൾ എന്തിനൊക്കെയോ ആർത്തിപൂണ്ട് ഒരുമ്പെടുന്നു. കളങ്ങളിൽ കാലുകൾ മാറിമാറി വെക്കാനെല്ലാതെ ഒരുചുവടുമാറ്റം തനിക്കാവില്ലെന്ന തിരിച്ചറിവിൽ പഴയ കളത്തിലെക്കു തന്നെ ചുവടുമാറ്റുന്നു. പെൺസത്തയുട കടലിരമ്പങ്ങൾ മയങ്ങുന്ന കഥകളാണ് 'മഞ്ഞിലെപ്പക്ഷി'എന്ന കൃതിയിലൂടെ കവി തീർത്തുവക്കുന്നത്.

കാലാന്തരത്തിൽ വിസ്തൃതമാകുന്ന ജീവിത ഭാഷകളുടെ കലങ്ങിയ വ്യാകരണങ്ങൾ വ്യവഹരിക്കുന്ന പതിനഞ്ച് മാനസികഥകളുടെ
സമാഹാരം ഭ്രമണപഥത്തിലെ പങ്കുവെക്കാനാകാത്ത യാത്രയടയാളങ്ങൾ ഈ കഥകൾ പകർത്തുന്നു.ഉപയോഗിക്കാൻ അർഹതയുള്ള ഒരായുധമായി പെൺസത്തയെ വായിച്ചെടുക്കുന്നു.ഇമേജറികളുടെ സൗമ്യമായ നടുക്കങ്ങളിലൂടെ മുന്നേറുന്ന ഇതിലെ കഥയോരോന്നും മഞ്ഞിലെ പക്ഷിയായി എന്റെ മനസ്സിൽ കൂടുകെട്ടി.

പെൻസിൽ ചിത്രം






അഭിൻ കൃഷ്ണ കെ 8D

ലേഖനം



ഹൃദ്യ എം


# जल का महत्व

जल एक जीवनदायी वस्तु है । इसका महत्व दिनों- दिन बढता जा रहा है ।क्योंकि इसकी उपलब्यतो घटती जा रही है ।खासकर पीने योग्य मीठे जल की माता तो बहुत कंम हो गई हे।पृथ्वी पर जल की जितनी मात्रा है,उसका एक प्रतिशत ही हमारे उपयोग के लायक है फिर भी लोग जल का अपव्यय करते है। यदि जल की उपलब्धता को बनाए र खने मे हम कोशिश न करके एक दिन हम



जल की बूंद केलिए तरस जाएँगे । गामीण क्षेत्रों मे भी जल की समस्या है । हमे जल का महत्व समझकर इसका सावधानीपूरवक उपयोग पर ध्यान देना चाहिए । उपयोगी जल के खेतों का प्रदूषित नहीं करना चाहीए।

കവിത






**അന്വയ 8D**

പ്രകൃതിയുടെ വരദാനമല്ലോ മനുഷ്യനും മറ്റു-

സസ്യജാലങ്ങളും ജന്തുക്കളും

കൈകോർത്ത് പരസ്പരം ജീവിച്ചിരുവരും

കഴിഞ്ഞകാലത്തിൽ,

ഇന്നത്തെ അവസ്ഥയോ  അതിദയനീയം

വയൽനശീകരണം, കുന്നിടിക്കൽ , എന്നീ-

ദുഷ്പ്രവൃത്തികളാലും


പ്രകൃതി നശിക്കുന്നു.

മനുഷ്യരുടെ ദുഷ്പ്രവൃത്തികൾ കാരണം

പ്രകൃതി ഇല്ലാതാവുമെന്ന കാര്യമോർക്കേണം.

ഒത്തൊരുമിക്കണം നാം പ്രകൃതി സംരക്ഷിക്കാൻ.

# വളരുന്ന ശിലകൾ



ലേഖനം



**ആദിത്യറാം 9 C**

ജലവുമായി അലിഞ്ഞു ചേർന്നുണ്ടാകുന്ന ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ മേൽക്കൂരയിൽനിന്ന് താഴേക്ക് തുള്ളിയായി വീഴുന്ന പ്രക്രിയ എറെക്കാലം തുടരുന്നതിന്റെ ഫലമായി ചുണ്ണാമ്പ് നിക്ഷേപരൂപങ്ങൾ താഴേക്ക് വളരുന്നു.ഈ ഭ്രൂരൂപങ്ങളാണ് സ്റ്റാലക്റ്റൈറ്റുകൾ.


ഗുഹയുടെ മേൽക്കൂരയിൽ നിന്ന് തുള്ളിയായി വീഴുന്ന ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ അടിത്തറയിൽ വീഴുമ്പോൾ അവിടെ അടിഞ്ഞു കൂടുന്ന ചുണ്ണാമ്പ് നിക്ഷേപം താഴെ നിന്ന് മുകളിലേക്ക് വളരുന്നു.ഈ ഭ്രൂരൂപങ്ങളെ സ്റ്റാലക്മൈറ്റുകൾ എന്നു വിളിക്കുന്നു.സ്റ്റാലക്റ്റൈറ്റുകൾ, സ്റ്റാലക്മൈറ്റുകൾ കൂടുതൽ വളരുന്നതിലൂടെ പരസ്പരം കൂടിച്ചേരാറുണ്ട്.ഈ ഭ്രൂരൂപങ്ങളാണ് ചുണ്ണാമ്പ് സിലാസ്തംഭങ്ങൾ.







ഈ ഗുഹകൾ അന്തമാൻ നിക്കോബാർ ദ്വീപ് സമുദ്രത്തിലെ ബാരാടാങ്ക് ദ്വീപിലുള്ളതാണ്.


Save every drop!
OUR
WORLD
DEPENDS
ON
IT
Hridya k.m
VIII-E

ലേഖനം

# ഹാർട്ട് പമ്പ്

നന്ദന പ്രദീപ്

ഒരു ദിവസം മനുഷ്യഹൃദയം ഏകദേശം 100,000 തവണ സ്പന്ദിക്കുന്നു . ശസ്ത്രക്രിയ കൂടാതെ ഘടിപ്പിക്കാവുന്ന കൃത്രിമ ഹാർട്ട് പമ്പിനു വിദഗ്ദർ രൂപം നൽകി കഴിഞ്ഞു .ബ്രിട്ടണിലെ ബ്രൂണൽ യൂണിവേഴ്സിറ്റിയിലെ ശാസ്ജ്ഞർ നിർമ്മിച്ച കൃത്രിമ ഹാർട്ട് പമ്പിന് നാലു മില്ലിമീറ്റർ വീതിയും 10 സെന്റീമീറ്റർ നീളവുമുണ്ട്. ഹൃദയരക്തക്കുഴലിൽ സ്റ്റെൻഡ് രീതിയിൽ ഇതു ഉള്ളിൽ കടത്താം. തുടയിടുക്കിലെ രക്തക്കുഴലിൽ മുറിവുണ്ടാക്കി അതുവഴി പമ്പ് ഹൃദയത്തിനു സമീപമെത്തിച്ച് ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ചർമ്മത്തിനുള്ളിൽ പിടിപ്പിക്കുന്ന കോയിലാണ് ഹാർട്ട് പമ്പിന് പ്രവർത്തിക്കാനുള്ള 'വൈദ്യുതി'നൽകുക. ബാറ്ററിയുമായി ഘടിപ്പിച്ച് കോയിൽ ആവശ്യത്തിന് ചാർജ് ചെയ്യാം.ഹൃദയപേശികളിലും ശരീരത്തിന്റെ പല അവയവങ്ങളിലും ശുദ്ധരക്തം എത്തിക്കാൻ ഈ പമ്പ് ഹൃദയത്തെ സഹായിക്കും. ഹൃദയത്തിന്റെ പ്രവർത്തന ഭാരം അങ്ങനെ കുറയും .

ഹൃദയ അറയായ വലതു വെൻടിക്കിളിന്റെ സമ്മർദ്ദം കുറയ്ക്കുന്നതാണ്, ഹൃദയസ്തംഭനത്തിന് നൽകുന്ന മികച്ച മരുന്നുകൾ .ഇതു മനസിലാക്കിയാണ് ശാസ്ത്രജ്ഞർക്ക് പമ്പിന്റെ ആശയമുദിച്ചത്.പമ്പിന്റെ പേറ്റന്റ് ശാസ്ത്രജ്ഞരിൽ പ്രമുഖനായ ഡോ. അഷ്റഫ് ഖിൽ അടങ്ങുന്ന ഒരു ടീമിനാണ് .പമ്പ് വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാനുള്ള നീക്കങ്ങൾ നടന്നു വരികയാണ് .പക്ഷെ ,ഇത് ഉറപ്പിക്കുന്ന ശസ്ത്രക്രിയ പലപ്പോഴും അപകടം പിടിച്ചതാണ്.മനുഷ്യന്റെ ആയുസ്സ് വർദ്ധിപ്പിക്കാനുള്ള ഒരു സാങ്കേതിക മുന്നേറ്റമായി ഇതിനെ കാണാം.



# ഓത്തുപള്ളി മുറ്റത്തെ നാട്ടുമാവ്

കഥ



**സി മുഹമ്മദ് ഷിയാദ് 8A**

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. ഉപ്പൂപ്പ എന്റെ കൈപിടിച്ച് മദ്റസാ മുറ്റത്തൂടെ പള്ളിയിലേക്കുള്ള കുറുക്കുവഴി തേടുകയായിരുന്നു. വടക്കേ മൂലയിലെത്തിയപ്പോഴാണ് ഞെട്ടിക്കുന്ന ആ കാഴ്ച കണ്ടത്. ഉച്ചവെയിലത്തു ഞങ്ങൾക്കു തണൽ തന്നിരുന്ന നാട്ടുമാവ് ഇതാ നിലംപതിച്ചിരിക്കുന്നു.പോലീസ് ഏമാൻെറ ഭാഷയിൽ പറഞ്ഞാൽ അതൊരു അസ്വാഭാവിക മരണമായിരുന്നു. കൊലപാതകമാണെന്നു പ്രഥമദൃഷ്ട്യാ എനിക്കു മനസ്സിലായി. വെട്ടിമുറിക്കുമ്പോൾ തെറിച്ച മരച്ചീളുകൾ രക്തം തളംകെട്ടി നിൽക്കുന്നതുപോലെ അവിടെ കുന്നുകൂടികിടക്കുന്നു.അന്നു രാത്രി അത്താഴം കഴിക്കുമ്പോൾ തീൻമേശയിൽ മാമ്പഴം കണ്ടപ്പോൾ എനിക്കു വീണ്ടും മാവിനെ ഓർമ്മ വന്നു.

ഞാൻ ഉപ്പൂപ്പാനോട് വീണ്ടും ആ മാവിനെക്കുറിച്ചു ചോദിച്ചു. ഉപ്പൂപ്പ പറഞ്ഞു.'ഞാൻ മദ്റസയിൽ പഠിക്കുന്ന കാലത്ത് കൊണ്ടോട്ടിക്കാരൻ മൂസ മൂസ്സലിയാർ കൊണ്ടുവന്നു നട്ട മാവായിരുന്നു അത്. മൂപ്പരു മയ്യത്തായിട്ടു പത്തു

മുപ്പതു കൊല്ലം കഴിഞ്ഞു.പടച്ചതമ്പുരാൻെറ കിത്താബിൽ മാവിൻെറ ആയുസ്സ് ഇത്രയേയുള്ളൂ.'അതെന്തിനാ ഇപ്പം മുറിച്ചുമാറ്റിയത് ? – ഉപ്പൂപ്പ പറഞ്ഞുതീരും മുൻപ് ഉമ്മ അടുക്കളയിൽ നിന്നു വിളിച്ചുചോദി-
ക്കുന്നുണ്ടായിരുന്നു.

'മദ്റസ കെട്ടിടം പുതുക്കിപ്പണിയുന്നതിൻെറ ഭാഗമായിട്ടാ ഇതൊക്കെ'- ഉപ്പൂപ്പ പറഞ്ഞു.രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോഴും മാവിനെക്കുറിച്ചുള്ള ചിന്ത എന്നെ വല്ലാതെ അലട്ടി . മദ്റസ പരിപാലന കമ്മിറ്റിയുടെ ആസൂത്രിത നീക്കമാണ് ഈ കൊലപാതകത്തിനു പിന്നിലെന്നെനിക്കു മനസ്സിലായി. ഞാൻ ചരിഞ്ഞും മറിഞ്ഞും കിടന്നു . പക്ഷേ, ഉറക്കം വന്നില്ല.

മനുഷ്യരുടെയോ വന്യജിവികളുടെയോ ജീവൻ അപഹരിക്ക പെട്ടാൽ ലോക്കൽ പോലീസ് മുതൽ സിബിഐ വരെ അന്യേഷണവുമായി എത്തും. എന്നാൽ പാവം മരങ്ങളുടെ ജീവനു പരിരക്ഷ ലഭിക്കണമെങ്കിൽ അവ വല്ല റിസർവ് വനങ്ങളിലോമറ്റൊ
ജനിക്കണം . മരങ്ങൾക്കു വംശനാശം സംഭംവിക്കുമ്പോഴായിരിക്കും സർക്കാർ കണ്ണുതുറക്കുക.ഞാൻ രണ്ടു കണ്ണുംപൂട്ടി കിടക്കുന്നു.
ഉറക്കത്തിനിടയിൽ ഉപ്പൂപ്പ പറഞ്ഞുതന്ന മൂസ മുസിലിയാരെ ഞാൻ സ്വപ്നം കണ്ടു. അദ്ദേഹത്തിൻെറ രൂപം വ്യക്തമല്ലെങ്കിലും ആ ശബ്ദം
കേൾക്കാം.

'മക്കളെ , ആ മരം നട്ടത് ഞാനാണ്. അത് എനിക്കു വേണ്ടി ആയിരുന്നില്ല. എനിക്കു തണൽ തരാനും മാമ്പഴംതരാനും ശുദ്ധവായു തരാനുമെല്ലാം എൻെറ ഉപ്പൂപ്പമാർ നട്ടുവളർത്തിയ മരങ്ങൾ ഉണ്ടായിരുന്നു. മോൻെറ ഉപ്പൂപ്പയും ഒടുവിൽ മോനും ആ മരത്തണലിൽ ഇരുന്നിട്ടുള്ളതുകൊണ്ടാണ് മൺമറഞ്ഞുപോയ ഈ പാവം വൃദ്ധനെ നിങ്ങൾ ഓർക്കുന്നത് . അതുകൊണ്ട് ഓത്തുപള്ളി മുറ്റത്ത് ഒന്നിനു പകരം ഒരുപാടു വൃക്ഷത്തൈക്കൾ മോൻ നടണം. നമ്മൾ ഈ ദുനിയാവിൽ ചെയ്യുന്ന ഏറ്റവും മുന്തിയ സുകൃതമായിരിക്കും അത്.അങ്ങനെ മോനും സ്മരിക്കപ്പെടും വരും തലമുറകളിലൂടെ തീർച്ച.

ചിത്രം



ലേഖനം

# പ്രകൃതി ഒരു വരദാനം





**അയന കെ 9 B**

മനുഷ്യനും പക്ഷിമൃഗാദികളും സസ്യജാലങ്ങളുമൊക്കെ അടങ്ങിയ സമ്പന്നമായ ജൈവവൈവിധ്യമാണ് ഭൂമിയുടെ സൗന്ദര്യം. നമുക്കുള്ളതുപോലെതന്നെ ഭൂമിയും എന്നും വസ്ത്രം ധരിക്കുന്നുണ്ട്.ആദ്യമൊക്കെ നിറഞ്ഞ പച്ചനിറമായിരുന്നു. എന്നാൽ ഇന്ന് ഭൂമിയുടെ നിറം പച്ചയിൽനിന്നും മാറി രക്തത്തിൻറെ ചുവന്ന കളർ ആയിരിക്കുകയാണ്.

പ്രകൃതി മനുഷ്യന്റെ ജീവിതത്തിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്.എന്നാൽ ഇന്ന് നാം പ്രകൃതിയെ നശിപ്പിക്കുന്നു. വാഹനങ്ങളുടെ പുക,ഫാക്ടറി മാലിന്യം ഒക്കെ ഇന്ന് പ്രകൃതിയുടെ സന്തുലിതാവസ്ഥ നശിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. പമ്പാനദിയിൽ തീർത്ഥാടകരുടെ മുണ്ട് വലിച്ചെറിയുന്നതിനാൽ നദി മലിനമാവുന്നു.നമ്മൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് സമുദ്രത്തിൽ നിന്നാണ്. എന്നാൽ ഇന്ന് മഴയില്ല.സമുദ്രങ്ങളിൽ വെള്ളവും കുറയുന്നു.ഈ രീതിയിൽ പോയാൽ അടുത്ത തലമുറ വൈദ്യുതിക്കു വേണ്ടി അലയേണ്ടിവരും.ചൂടുകൂടുതലായ ഇന്ന് കിണറുകളിലെ വെള്ളം വറ്റുന്നു.ഒരു തുള്ളി

കുടിവെള്ള- ത്തിനായി നാം എല്ലാവരും പൈപ്പിനു മുന്നിൽ ക്യൂ നിൽക്കേണ്ടിവരും.മനുഷ്യന്റെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കായി പ്രകൃതിയെ ഒരു ഉപകരണമാക്കി മാറ്റുന്ന അവസ്ഥയാണ് ഇന്നുള്ളത്.

മരം നമുക്ക് അത്യാവശ്യമാണ്.നമ്മുടെ ആവശ്യാനുസരണം മരം മുറിക്കുക.ഒരു മരം മുറിച്ചാൽ 10 മരം നടണം എന്നത് നമ്മൾ ദിവസം പോകുന്തോറും മറക്കുന്നു.പരിസ്ഥിതിയില്ലെങ്കിൽ നമുക്ക് നിലനിൽപ്പില്ല.

ഇന്ന് അത്യുഷ്ണമാണ്. കാർബൺഡൈ ഓക്സൈഡ് ആണ് നമ്മുടെ അന്തരീക്ഷത്തിൽ ഇന്ന് കൂടുതൽ ഓക്സിജന്റെ അളവ് വളരെ കുറവാണ്.മരങ്ങൾ co2 വലിച്ചെടുക്കുന്നു. ഓക്സിജനെ പുറം തള്ളുന്നു. എന്നാൽ ഇന്ന് മരം നശിക്കുന്നത് കാരണം ഓക്സിജൻ കുറയുന്നു.

പ്രകൃതിയെ  സംരക്ഷിക്കാൻ നാം 'ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിച്ചു വരുന്നു. അന്ന് സ്കൂളിൽ വ്രക്ഷത്തൈ വിതരണം ചെയ്യുന്നു. '2014  ലെ ലോകപരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യം "Rice your voice not the sea level " എന്നതാണ്

അന്തരീക്ഷത്തിലെ  കാർബൺ ഡൈ ഓകസൈഡിനെ വലിച്ചെടുക്കാൻ വൃക്ഷങ്ങൾക്കാവും നല്ലൊരു  പച്ചപ്പുതച്ച കാടുണ്ടെങ്കിൽ ഈ ഹരിതഗൃഹവാതകത്തിനെ അത് ആഗിരണം ചെയ്യുന്നു. നഗരത്തിൽ  കാടുണ്ടാക്കാൻ പറ്റില്ല.എന്നാൽ പറ്റുന്ന ഇടങ്ങളിലൊക്കെ ചെടികൾ വളർത്തി പ്രകൃതിയെ സംരക്ഷിക്കാനാവും.

അടുത്ത തലമുറയ്ക്കു വേണ്ടി നമുക്ക് കുറച്ചു വിത്തുകൾ അവശേഷിപ്പിക്കും. പ്രകൃതിയെ സംരക്ഷിക്കാം.  അടുത്ത തലമുറ നമ്മുടെ കരങ്ങളിലാണ്.ഇന്നത്തെ  നമ്മുടെ പ്രവൃത്തിപ്പോലെയാണ് അടുത്ത  തലമുറയുടെ നിലനിൽപ്പ്. പ്രകൃതി യെ സംരക്ഷിക്കുക. നാടിന്റെ സൗന്ദര്യം നമുക്ക് വീണ്ടെടുക്കാം.

പെൻസിൽ ചിത്രം



ലേഖനം




## ജീവിതം മയക്കുന്ന മരുന്ന്



ഗോപിക എം


മനുഷ്യനെ ഇഞ്ചിഞ്ചായി കാർന്ന് തിന്നുന്ന മഹാവിപത്താണ് മദ്യവും മയക്കുമരുന്നും.പണവുംസൗകര്യങ്ങളും കുമിഞ്ഞുകൂടുമ്പോൾ അതിലൊക്കെ ഒഴിവാക്കാനാവാത്ത ഒന്നായി മദ്യവും മയക്കുമരുന്നുംമാറുന്നു.നമ്മുടെ യുവതലമുറ അതിന്റെ ദുരന്തങ്ങളെക്കുറിച്ചറിയാതെ മദ്യത്തിനും മയക്കുമരുന്നിനും അടിമയായി മാറിക്കൊണ്ടിരിക്കുന്നു.സമൂഹത്തെ മുഴുവൻ ഭ്രാന്തിലേക്ക് നയിച്ചുകൊണ്ട് വൻകിടക്കാരനായ കുത്തകകളും വിദേശമാഫിയാസംഘടനകളും തടിച്ചുകൊഴുക്കുന്നു .ഈ മഹാവിപത്തിനെതിരെ ഒറ്റക്കെട്ടായി നിന്നില്ലെങ്കിൽ അത് കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ഭാവി ഇരുളടഞ്ഞതാകും. ഒരു രോഗം എന്ന നിലയിൽ മയക്കുമരുന്ന് ഉപയോഗത്തെ സമീപിക്കേണ്ടതുണ്ട്. കാരണം മറ്റ് ഏത് മാരകരോഗത്തെക്കാളും ഭവിഷ്യത്ത് ഏറിയതാണിത്. മരണം, മാനസികവിഭ്രാന്തി ജയിൽശിക്ഷ,

മാനഹാനി,ധനനഷ്ടം,തുടങ്ങിയവയൊക്കെയാണ് മയക്കുമരുന്നിനടിമപ്പെട്ടാലുള്ള ഫലം എന്ന് നമ്മളോരോരുത്തരും മനസിലാക്കണം. സ്വയം ഇത്തരം തിൻമകളിൽ നിന്ന് അകന്ന്നിൽക്കുമെന്ന് പ്രതിജ്ഞചെയ്യുണം.കൂടാതെ നമ്മുടെചുറ്റുപാടുകളിൽ
നിന്നും മദ്യവും മയക്കുമരുന്നും തുടച്ചു നീക്കാനുള്ള സംഘടിത ശ്രമവും ഉണ്ടാവണം

മദ്യത്തിന്റെയും,മയക്കമരുന്നിൻെറയും നീരാളിപ്പിടുത്തത്തിൽപ്പെട്ടാലുണ്ടാവുന്ന അപകടങ്ങളെക്കുറിച്ച് കുട്ടികൾക്കും സമൂഹത്തിലുള്ള എല്ലാവർക്കും ബോധവൽക്കരണം നടത്താൻ നമുക്ക് സാധിക്കും.

നമ്മുടേതായരീതിയിൽ എന്തെങ്കിലും ചെയ്തില്ലെങ്കിൽ, മദ്യവും മയക്കമരുന്നും വിറ്റ് കീശ വീർപ്പിക്കുന്ന ശക്തികൾ വരും തലമുറകളേയും മാനസിക ആശുപത്രിയിലേക്ക് തള്ളിവിടും എന്നോർക്കുക. ഈ ശക്തികളെ ഒറ്റക്കെട്ടായി നേരിടുമെന്നും മദ്യവും, മയക്കമരുന്നും നമ്മുടെ ജീവിതത്തിൽ നിന്നും മാറ്റിനിർത്തുമെന്നും നമുക്ക് പ്രതിജ്ഞചെയ്യാം.

ജ്ഞാനപീഠം



# വൈക്കം മുഹമ്മദ് ബഷീർ



സാനിയ എൻ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908

തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട

എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.


1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ളീഷ് സ്കൂളിലും.

രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ആം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കള്ളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ

ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു.

അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും – തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.




ലേഖനം



ഗോപിക എ 9 D

ദ്രവ്യം കൊണ്ടാണെന്ന പറയാം. അത്രയും പറഞ്ഞാൽ പോര, പ്രത്യേക ഗുണങ്ങളുള്ള ദ്രവ്യങ്ങളായ പദാർത്ഥങ്ങൾ പ്രപഞ്ചത്തിൽ കാണുന്ന അപ്പോൾ പദാർത്ഥത്തിന്റെ അടിസ്ഥാനഘടകം ഏറ്റവും ചെറിയ അംശമായ തന്മാത്രയാണ്. ഒരു പദാർത്ഥം അതിന്റെ തന്മാത്രയേക്കാൾ ചെറുതാക്കിയാൽ അത് അതെല്ലാതായിത്തീരും. തന്മാത്രയെ പിന്നേയും വിഭജിക്കാം എന്നതു കൊണ്ടാണ് ഇത് എടുത്തു പറയുന്നത്. ഉദാഹരണമായി ഒരുതരി പഞ്ചസാരയെടുക്കുക. ഏറ്റവും ചെറിയ അംശമായ പഞ്ചസാരത്തരിയെ തന്മാത്രയെ പിന്നെയും വിഭജിച്ചാൽ അണുക്കളായി വേർതിരിയും. പക്ഷെ ഈ അണുക്കൾക്ക് പഞ്ചസാരത്തരിയുടെ

മധുരമായ മറ്റ് സ്വഭാവമോ ഉണ്ടാവില്ല എന്ന മാത്രം .അപ്പോൾ തന്മാത്രയെ അണുക്കളായി വിഭജിക്കാം .അതുകൊണ്ട് അണു ആണ് പ്രപഞ്ചത്തിന്റെ ഇഷ്ടിക. ചില പദാർത്ഥങ്ങളുടെ തന്മാത്രയിൽ ഒന്നിൽ കൂടുതൽ അണുക്കൾ ഉണ്ടാവും. ചില തന്മാത്രയിൽ ഒരു അണുവേ ഉണ്ടാവൂ .ചില പദാർത്ഥങ്ങളുടെ തന്മാത്രയിൽ ഒരേ ഇനം അണുക്കളെ കാണു ഇവയാണ് മൂലകങ്ങൾ .ചില തന്മാത്രകളിൽ ഒന്നിലേറെ ഇനം അണുക്കൾ ഉണ്ടാവും .അവ ഉൾക്കൊള്ളുന്ന പദാർത്ഥങ്ങളാണ് യൗഗികങ്ങൾ .


ഒരേ ഇനം അണുക്കളുള്ള ചെമ്പ് ഒരു മൂലകമാണ് .എന്നാൽ സോഡിയത്തിന്റെയും ക്ലോറിന്റെയും അണു ഉൾക്കൊള്ളുന്ന ഉപ്പ് ഒരു യൗഗികമാണ് .പക്ഷെ എല്ലാത്തിനും ഒരു അണു ഉണ്ട് .ഇരുമ്പിലും പൂവിലും മുള്ളിലും വായുവിലും വെള്ളത്തിലും എല്ലാം എല്ലാം അണു മയമാണ് .അണുവാണ് പ്രപഞ്ചസൃഷ്ടിക്ക് ഉപയോഗിച്ചിരുന്ന ഇഷ്ടിക.

ലേഖനം



അനഘ ടി പി

# ഹരിത ഗൃഹ പ്രഭാവം




ഭൂമിയിൽ പതിക്കുന്ന സൂര്യതാപത്തെ തിരിച്ച് മുകളിലേക്ക് പോകാൻ അനുവദിക്കാതെ അന്തരീക്ഷം തടയുന്നു.ഇങ്ങനെ തടയുന്നത് ചില വാതകങ്ങളുടെ സാന്നിധ്യം കാരണമാണ്.മുകളിലേക്ക് പേകാനാവാത്ത ചൂട് തങ്ങി ഭൗമോപരിതലത്തിൽ താപമേറുന്നു.ഈ പ്രക്രിയയാണ് ഹരിത ഗൃഹ പ്രഭാവം അഥവാ ഗ്രീൻ ഹൗസ് ഇഫെക്റ്റ്. നീരാവി കാർബൺ ഡയോക്സൈഡ് ,മീഥെയിൻ,നൈട്രസ് ഓക്സൈഡ്, ക്ലോറോഫ്ലൂറോ കാർബണുകൾ എന്നിവയാണ് ഈ പ്രക്രയയ്ക്ക് ഇടയാക്കുന്ന വാതകങ്ങൾ.ഈ കൂട്ടത്തിൽ നീരാവി ഭൗമതാപ വർധനയ്ക്ക് ഇടയാക്കുന്നുണ്ടെങ്കിലും അത് കുറയ്ക്കാനുള്ള സാഹചര്യവും ഒരുക്കുന്നുണ്ട്.മേഘങ്ങളുടെ രൂപം കൊള്ളലിനും മഴയ്ക്കും ഇടയാക്കുന്നു എന്നതാണിത്.

# കണ്ണനീരിന്റെ കഥ



\

**അക്ഷര ജയരാജ്** 9 D

*കണ്ണിനുമുകളിൽ നെറ്റിയുടെ താഴെയായി കണ്ണനീർ ഗ്രന്ഥികൾ സ്ഥിതി ചെയ്യുന്ന ഓരോ ഗ്രന്ഥിയിൽ നിന്നും ഒരു ഡസനോളം ചാലുകൾ കണ്ണിലേക്കും കൺപോളയിലേക്കും വരുന്ന .കണ്ണീരിന് ഉപ്പുരസമുള്ളതായി തോന്നിയിട്ടില്ലേ ഏകദേശം 0.9 ശതമാനം ഉപ്പുകലർന്ന സർക്കുലറി സിസ്റ്റത്തിൽ നിന്നാണ് കണ്ണനീർ ഉണ്ടാകുന്നത് .അതാണ് ഉപ്പുരസത്തിനുകാരണം .ബാക്ടീരിയയെ നശിപ്പിക്കുന്ന എൻസൈമുകൾ കണ്ണനീരിലുള്ളതുകൊണ്ട് അണുവിമുക്തമാണ്. ഓരോതവണ കണ്ണ ചിമ്മുമ്പോഴും കണ്ണനീർ കണ്ണിനെ മെല്ലെ നനച്ച് കോർണിയയ്ക്ക് ഈർപ്പം നൽകുന്നു.*കണ്ണിലെത്തുന്ന കണ്ണനീർ ഏതിലേ പോകുന്നുവെന്നറിയാമോ?കണ്ണിന്റെ ഉള്ളിലെ ചെറുദ്വാരം വഴി,ലാക്രിമെൽ സാക്കിലേക്കു നാസോലാക്രിമെൽ ഡെക്ടിലൂടെ നാസാദ്വാരത്തിലേക്കും പോകുന്നു.ഈ യാത്ര നമ്മൾ അറിയാറില്ല.പക്ഷെ,കണ്ണനീർ കൂടുതലുണ്ടായാൽ മുഴുവനും ചെറുദ്വാരത്തിലൂടെ പോകാനാവില്ല.അപ്പോൾ കണ്ണ് നിറഞ്ഞ് കവിഞ്ഞ് കണ്ണനീർ കവിളിലൂടെ ഒഴുകും.മൂക്കിലേക്കു പോകുന്ന കണ്ണനീരിന്റെ അളവ് കൂടുമ്പോഴാണ് കരയുമ്പോൾ മൂക്ക് ചീറ്റേണ്ടി വരുന്നത്.

ലേഖനം

# ഹിരോടാഡ





**അലന്റ റോസ് ജോസ്**

കൈയും കാലുമില്ലതെ പിറന്ന വീണ കുഞ്ഞ് അതാണ് ഹിരോടാഡ. ആ കുഞ്ഞിനെ പ്രസവിച്ച അമ്മ അവന്റെ പ്രതികരണമെന്താവും എന്ന് കരുതി പേടി കാണിച്ചു.ഒരു മാസത്തിനു ശേഷം പക്ഷേ ആ മകന്റെ ഓമനത്തം കണ്ട് അമ്മ സന്തോഷിച്ചു. അവനെ ചക്രകസേരയിൽ സ്കൂളിലെത്തിച്ചു.മാംസപിണ്ഡത്തിനും താടിക്കുമിടയിൽ പെൻസിൽ വച്ച് അവൻ എഴുതി. നിലത്ത് ഉരുണ്ടും മറിഞ്ഞും ബാസ്കറ്റ് ബോൾ കളിച്ചു. കൂട്ടുകാർ അവന് വേണ്ടി കളിനിയമവും മാറ്റി എഴുതി. പിന്നീട് അദ്ധ്യാപകനായി.ജപ്പാനിലെ വലിയ താരമായി മാറി. 45 ലക്ഷത്തിലേറെ കോപ്പികൾ വിറ്റഴിഞ്ഞ 'എല്ലാം തികഞ്ഞത് ആരുമില്ല ' എന്ന പുസ്തകവും എഴുതി. വൈകല്യത്തെ അതിജിവിച്ച രാജാവാണ് ഹിരോടാഡ.




ഇ.കെ.നായനാർ സ്മാരക
ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
വേങ്ങാട്
വികസന പാതയിൽ
കെട്ടിട നിർമ്മാണം
85 ലക്ഷം രൂപ : MLA യുടെ ആസ്തി വികസന ഫണ്ട്
3 കോടി രൂപ : KIIFB ഫണ്ട്
5 കോടി രൂപ : ബഡ്ജറ്റ് വിഹിതം
ശാസ്ത്രപോഷിണി ലാബ്
8 ലക്ഷം രൂപ : മുഖ്യമന്ത്രിയുടെ പ്രത്യേക ഫണ്ട്
വിദ്യാലയത്തെ ഹൈടെക് നിലവാരത്തിലേക്കുയർത്താൻ
ഫണ്ടുകൾ അനുവദിച്ച
ബഹു. കേരള മുഖ്യമന്ത്രി
ശ്രീ പിണറായി വിജയനും കേരള സർക്കാറിനും
അഭിവാദ്യങ്ങൾ
സ്കൂൾ വികസന സമിതി, പി.ടി.എ


ഇ.കെ.നായനാർ സ്മാരക
ജി.എച്ച്.എസ്.എസ്
വേങ്ങാട്
ഈ അദ്ധ്യയന വർഷത്തെ
അഭിമാനതാരങ്ങൾ
അപർണ്ണ .എം
സംസ്ഥാന സ്കൂൾ
കലോത്സവം
മാപ്പിളപ്പാട്ട് എ ഗ്രേഡ്
ഋഷിക പ്രദീപ്
സാമൂഹ്യ ശാസ്ത്രമേളയിൽ
അറ്റ്ലസ് നിർമ്മാണം
എ ഗ്രേഡ്
സംസ്ഥാന സീനിയർ ഹോക്കി ചാമ്പ്യൻഷിപ്പ് മൂന്നാം സ്ഥാനം
ഭവ്യ. വി
ആരാധന സന്തോഷ്
നീരജ പി.വി
ആദിത്യ കെ.വി
സംസ്ഥാന വുഷു ചാമ്പ്യൻഷിപ്പ് മൂന്നാം സ്ഥാനം
അനുഗ്രഹ് .എൻ
ജിബിൻ .കെ
ആദിത്യൻ .സി
അഭിനന്ദനങ്ങൾ
PTA & STAFF


ഇ.കെ.നായനാർ സ്മാരക ഗവ.ഹയർസെക്കണ്ടറി സ്കൂൾ, വേങ്ങാട്
സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ
കേരള ചരിത്ര ക്വിസ്സ് മെഗാഫൈനലിൽ
ഒന്നാംസ്ഥാനം നേടിയ
അശ്വതി.പി.എ, കൃഷ്ണ.ടി.കെ
അഭിനന്ദനങ്ങൾ
PTA & STAFF